Draft #14 of File 5000/ASSISTANT DASP/2020/DASTP Approved by DEPUTY REGISTRAR on 21-Jul-2020 04:28 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

DASP - ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് - ടേം പ്രോഗ്രാംസിന്റെ വിവിധ ഹ്രസ്വകാല പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ / അവസാന സെമസ്റ്റർ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ - വൈസ് ചാൻസിലർ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

Directorate for Applied Short Term Programmes

നമ്പർ. 3307/DASTP/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 21.07.2020

---

*പരാമർശം:*-1) സ.ഉ.നം. 3002/DASTP/2020/എം.ജി.യു, തീയതി. 03.07.2020

2) DASP - യുടെ ഡയറക്ടർ - ഇൻ - ചാർജിന്റെ കുറിപ്പ് , തീയതി. 08.07.2020

**<u>ഉത്തരവ്</u>**

ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് - ടേം പ്രോഗ്രാംസിന്റെ വിവിധ ഹ്രസ്വകാല പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ / അവസാന സെമസ്റ്റർ പരീക്ഷകൾ, ALEMS (Automated Learning & Evaluation Management System) എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കേന്ദ്രീകൃത ഓൺലൈൻ പരീക്ഷകളായി നടത്താനായിരുന്നു തീരുമാനിച്ചിരുന്നത്. എന്നാൽ പിന്നീട് കോവിഡ് - 19 നിയന്ത്രണങ്ങൾ നിലനില്ക്കുന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത്, ഈ പരീക്ഷകൾ വിവിധ ജില്ലകളിൽ തയ്യാറാക്കിയ പരീക്ഷാ കേന്ദ്രങ്ങളിൽ, സർവകലാശാലയിലെ മറ്റ് പരീക്ഷകൾ നടത്തുന്നതിനോടൊപ്പം എഴുത്തുപരീക്ഷയായി നടത്താൻ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

ഇതനുസരിച്ച് സർവകലാശാലാ ക്യാമ്പസിലുള്ള പരീക്ഷാ കേന്ദ്രമായ DASP - യിൽ പരീക്ഷകൾ സുഗമമായി നടത്തുന്നതിന് പരാമർശം (2) പ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾ വൈസ് ചാൻസിലർ മുൻപാകെ സമർപ്പിക്കുകയുണ്ടായി .

1. സർവകലാശാലയിലെ ഒരു സ്ഥിരം അദ്ധ്യാപകനെ അഡീഷണൽ ചീഫ് സൂപ്രണ്ടായി നിയോഗിക്കുന്നതിന് ഡയറക്ടർക്ക് അനുവാദം നൽകുക.
2. DASP - യിൽ വെച്ച് നടത്തുന്ന പരീക്ഷയുടെ ഇൻവിജിലേറ്റർമാരെ, വിവിധ പ്രോഗ്രാമുകളുടെ റിസോഴ്സ് പേഴ്സൺസിന്റെ പാനലിൽ നിന്നും നിയോഗിക്കുന്നതിന് ഡയറക്ടർക്ക് അനുവാദം നൽകുക.
3. DASP - യിൽ പരീക്ഷാ നടത്തിപ്പിന് നിയോഗിക്കപ്പെടുന്നവർക്ക് സർവകലാശാലയിൽ നിലനില്ക്കുന്ന നിരക്കിൽ പ്രതിഫലം നൽകുന്നതിന് അനുവാദം നൽകുക.
4. ഉത്തരക്കടലാസിന്റെ മൂല്യനിർണയം നടത്തുന്ന അദ്ധ്യാപകർക്ക് യു.ജി പ്രോഗ്രാമിന്റെ Home Valuation - ന് നൽകിവരുന്ന നിരക്കിൽ പ്രതിഫലം നൽകുക.
5. DASP - യിലെ പരീക്ഷാ സംബന്ധമായ ചിലവുകൾ , DASP - ക്കായി അനുവദിച്ചിട്ടുള്ള ബജറ്റ് ഹെഡിൽ നിന്നും വിനിയോഗിക്കുന്നതിന് ഡയറക്ടർക്ക് അനുവാദം നൽകുക.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

മേൽ നിർദ്ദേശങ്ങൾ 13.07.2020 - ൽ വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

അശോകൻ എൻ കെ

ഡെപ്യൂട്ടി രജിസ്ട്രാർ
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി .എമാർ
3. ഫിനാൻസ് ഓഫീസറുടെ പി.എ
4. ഡയറക്ടർ - ഇൻ - ചാർജ്, DASP
5. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
6. റെക്കോർഡ്സ് സെക്ഷൻ
7. കരുതൽ ഫയൽ / ഫയൽ പകർപ്പ്

Draft #14 of File 5000/ASSISTANT DASP/2020/DASTP Approved by DEPUTY REGISTRAR on 21-Jul-2020 04:28 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം